**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2335** **03-03-2025 - ൽ മറുപടിയ്ക്ക്**

**ചെറുതന പഞ്ചായത്തിൽ പൊതുകടത്ത് അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ രമേശ് ചെന്നിത്തല | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള പൊതുകടത്തുകളുടെ(ഫെറി സർവീസ്) നടത്തിപ്പുമായി ബന്ധപ്പെട്ട് നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങളും നടപടിക്രമങ്ങളും വിശദമാക്കാമോ; നിലവിൽ വിവിധ പഞ്ചായത്തുകൾ മുഖേന എത്ര പൊതുകടത്തുകൾ നടത്തുന്നുണ്ടെന്നും ഇതിനായുള്ള ഫണ്ടിന്റെ വിനിയോഗം എങ്ങനെയാണെന്നും അറിയിക്കാമോ; | (എ) | 2000-ലെ The Kerala Decentralisation o Powers Act ലൂടെ നിലവിലുണ്ടായിരുന്ന 1082-ലെ Cochin Ferries and Tolls Act 1096-ലെ Travancore Public Canals anc Public Ferries Act, (കൊല്ലം: വ:) 1890 -ലെ Madras Canals and Public Ferries Ac എന്നിവയിൽ വരുത്തിയ ഭേദഗതികളിലൂടെ കടത്ത് സർവ്വീസുകൾ(ഫെറി) നടത്തുന്നതിന സർക്കാർ അനുമതിയോടെ അധികാര ഗ്രാമപഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലും നിക്ഷിപ്തമാക്കിയിരുന്നു തദ്ദേശ ഭരണ(സി)വകുപ്പിന്റെ 18.09.1995 ലെ ജി.ഒ.(പി) നമ്പർ 189/95/തഭവ ഉത്തരവ പ്രകാരം നിലവിലുള്ള കടത്ത് സർവ്വീസുകൾ നടത്തുകയും അവയ്ക്ക് ലൈസൻസ നൽകുകയും ചെയ്യുന്ന ചുമതല തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തുകൊണ്ട സർക്കാർ ഉത്തരവായിരുന്നു. പകർപ്പ അനുബന്ധമായി ചേർത്തിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്തി രാജ് ആക്റ്റിലെ പട്ടിക II , 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ പട്ടിക I, എന്നിവ പ്രകാരം കടത്തുകൾ ഏർപ്പെടുത്തുക എന്നത് യഥാക്രമ പഞ്ചായത്തുകളുടെയും മുനിപ്പാലിറ്റികളുടെയു അനിവാര്യ ചുമതലകളാണ്.<br><br>നിലവിൽ വിവിധ പഞ്ചായത്തുകൾ മുഖേന എത്ര പൊതുകടത്തുകൾ നടത്തുന്നുണ്ടെന്നു ഇതിനായുള്ള ഫണ്ടിന്റെ വിനിയോഗ എങ്ങനെയാണ് എന്നത് സംബന്ധിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ഹരിപ്പാട് മണ്ഡലത്തിലെ ചെറുതന പഞ്ചായത്തിലെ ചെറുതുരുത്ത് കടവിൽ ഒരു കടത്ത് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 16.01.2025-ലെ ആർസി3/791/2024/തസ്വഭവ നമ്പർ കത്തിന് അനുസൃതമായി എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിലെ ഫയൽ നമ്പർ അറിയിക്കുമോ? | (ബി) | **റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട എൽ.എസ്.ജി.ഡി പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിലെ ഫയൽ നമ്പർ LSGD/PD/3048/2025-REV4 ആണ്.** |

സെക്ഷൻ ഓഫീസർ

**<u>നിലവിൽ വിവിധ പഞ്ചായത്തുകൾ മുഖേന നടത്തുന്ന പൊതുകടത്തുകളുടെ എണ്ണവും ഫണ്ടിന്റെ വിനിയോഗവും സംബന്ധിച്ച വിവരങ്ങൾ</u>**

| ക്രമ നം. | ജില്ല | പഞ്ചായത്തിന്റെ പേര് | പൊതു കടത്തു കളുടെ എണ്ണം | ഫണ്ടിന്റെ വിനിയോഗം |
|---|---|---|---|---|
| 1 | **തിരുവനന്തപുരം** | അഞ്ചുതെങ്ങ് | 4 | **ഇതിൽ 2 കടവുകളിലെ കടത്തുകാർക്ക് തനത് ഫണ്ടിൽ നിന്നും, ബാക്കിയുള്ള 2 കടത്തുകാർക്ക് പൊതുമരാമത്ത് വകുപ്പിൽ നിന്നും വേതനം നൽകുന്നു. ടി 4 കടത്തുകളിലേയും വള്ളം വാങ്ങൽ, പുനരുദ്ധാരണം എന്നിവ പഞ്ചായത്ത് പ്രോജക്റ്റിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്തുന്നു.** |
| | | അഴൂർ | 1 | **തനത് ഫണ്ട്** |
| | | ചിറയിൻകീഴ് | 2 | **തനത് ഫണ്ട്** |
| | | കടയ്ക്കാവൂർ | 1 | **തനത് ഫണ്ട്** |
| | | കഠിനംകുളം | 1 | **തനത് ഫണ്ട്** |
| | | കരവാരം | 1 | **തനത് ഫണ്ട്** |
| | | പുല്ലമ്പാറ | 1 | **തനത് ഫണ്ട്** |
| | | ഉഴമലയ്ക്കൽ | 1 | **തനത് ഫണ്ട്** |
| | | വക്കം | 1 | **തനത് ഫണ്ട്** |
| | | വിളപ്പിൽ | 1 | **തനത് ഫണ്ട്** |
| | | വിളവൂർക്കൽ | 1 | **തനത് ഫണ്ട്** |
| | | **ആകെ** | 15 | |
| | | | | |
| 2 | **കൊല്ലം** | ആലപ്പാട് | 5 | **തനത് ഫണ്ട്** |
| | | ചവറ | 4 | **തനത് ഫണ്ട്** |
| | | കുളക്കട | 2 | **തനത് ഫണ്ട്** |
| | | മൺട്രോതുരുത്ത് | 2 | **തനത് ഫണ്ട്** |
| | | മൈലം | 1 | **തനത് ഫണ്ട്** |
| | | പനയം | 1 | **കടത്ത് നടത്തിപ്പ് ലേലം വഴി** |
| | | പന്മന | 2 | **തനത് ഫണ്ട്** |

| | | | | |
|---|---|---|---|---|
| | | പട്ടാഴി | 2 | **തനത് ഫണ്ട്** |
| | | പട്ടാഴി വടക്കേക്കര | 1 | **തനത് ഫണ്ട്** |
| | | പൂതക്കുളം | 3 | **തനത് ഫണ്ട്** |
| | | ശൂരനാട് സൗത്ത് | 1 | **തനത് ഫണ്ട്** |
| | | തെക്കുംഭാഗം | 4 | **തനത് ഫണ്ട്** |
| | | തൊടിയൂർ | 1 | **തനത് ഫണ്ട്** |
| | | വെളിനല്ലൂർ | 2 | **തനത് ഫണ്ട്** |
| | | വെസ്റ്റ് കല്ലട | 4 | **പൊതുമരാമത്ത് വകുപ്പിൽ നിന്നും** |
| | | **ആകെ** | 35 | |
| | | | | |
| 3 | **പത്തനംതിട്ട** | തോട്ടപ്പുഴശ്ശേരി | 1 | **തനത് ഫണ്ട്** |
| | | അരുവാപ്പുലം | 2 | **തനത് ഫണ്ട്** |
| | | കല്ലൂപ്പാറ | 1 | **തനത് ഫണ്ട്** |
| | | നെടുമ്പ്രം | 3 | **തനത് ഫണ്ട്** |
| | | റാന്നി പെരുനാട് | 1 | **തനത് ഫണ്ട്** |
| | | **ആകെ** | 8 | |
| | | | | |
| 4 | **ആലപ്പുഴ** | അരൂക്കുറ്റി | 1 | **ലേലം ചെയ്ത് നടത്തിപ്പവകാശം നൽകുന്നു** |
| | | അരൂർ | 1 | **ലേലം ചെയ്ത് നടത്തിപ്പവകാശം നൽകുന്നു** |
| | | അമ്പലപ്പുഴ തെക്ക് | 1 | **തനത് ഫണ്ട്** |
| | | ആറാട്ടുപുഴ | 5 | **തനത് ഫണ്ട്** |
| | | ചേന്നംപള്ളിപ്പുറം | 2 | **തനത് ഫണ്ട്** |
| | | ചെന്നിത്തല തൃപ്പെരുംതുറ | 3 | **തനത് ഫണ്ട്** |
| | | ചെറുതന | 2 | **തനത് ഫണ്ട്** |
| | | ദേവികുളങ്ങര | 2 | **തനത് ഫണ്ട്** |
| | | എഴുപുന്ന | 3 | **തനത് ഫണ്ട്** |
| | | കൈനകരി | 5 | **തനത് ഫണ്ട്** |
| | | കോടംതുരുത്ത് | 1 | **തനത് ഫണ്ട്** |
| | | നെടുമുടി | 2 | **ലേലം ചെയ്ത് നടത്തിപ്പവകാശം നൽകുന്നു** |
| | | പാണാവള്ളി | 1 | **തനത് ഫണ്ട്** |
| | | പെരുമ്പളം | 2 | **തനത് ഫണ്ട്** |
| | | പുന്നപ്ര തെക്ക് | 2 | **തനത് ഫണ്ട്** |
| | | പുറക്കാട് | 3 | **തനത് ഫണ്ട്** |

| | | | | |
|---|---|---|---|---|
| | | തൈക്കാട്ടുശ്ശേരി | 1 | **തനത് ഫണ്ട്** |
| | | തഴക്കര | 1 | **തനത് ഫണ്ട്** |
| | | തൃക്കുന്നപ്പുഴ | 6 | **തനത് ഫണ്ട്** |
| | | തുറവൂർ | 1 | **തനത് ഫണ്ട്** |
| | | വയലാർ | 1 | **തനത് ഫണ്ട്** |
| | | വെണ്മണി | 1 | **തനത് ഫണ്ട്** |
| | | **ആകെ** | 47 | |
| | | | | |
| 5 | **കോട്ടയം** | തലയാഴം | 1 | **തനത് ഫണ്ട്** |
| | | ചെമ്പ് | 4 | **തനത് ഫണ്ട്** |
| | | മറവൻതുരുത്ത് | 5 | **തനത് ഫണ്ട്** |
| | | ഉദയനാപുരം | 4 | **തനത് ഫണ്ട്** |
| | | കല്ലറ | 1 | **തനത് ഫണ്ട്** |
| | | തലയോലപ്പറമ്പ് | 1 | **തനത് ഫണ്ട്** |
| | | വെള്ളൂർ | 3 | **തനത് ഫണ്ട്** |
| | | അയ്മനം | 3 | **തനത് ഫണ്ട്** |
| | | ആർപ്പൂക്കര | 3 | **തനത് ഫണ്ട്** |
| | | കുമരകം | 1 | **തനത് ഫണ്ട്** |
| | | പനച്ചിക്കാട് | 1 | **തനത് ഫണ്ട്** |
| | | **ആകെ** | 27 | |
| | | | | |
| 6 | **ഇടുക്കി** | വെള്ളതൂവൽ | 1 | **തനത് ഫണ്ട്** |
| | | ഉപ്പുതുറ | 1 | **തനത് ഫണ്ട്** |
| | | **ആകെ** | 2 | |
| | | | | |
| 7 | **എറണാകുളം** | ചേന്ദമംഗലം | 4 | **തനത് ഫണ്ട്** |
| | | വടക്കേക്കര | 1 | **തനത് ഫണ്ട്** |
| | | കടുങ്ങല്ലൂർ | 5 | **തനത് ഫണ്ട്** |
| | | കാഞ്ഞൂർ | 1 | **തനത് ഫണ്ട്** |
| | | കടമക്കുടി | 4 | **തനത് ഫണ്ട്** |
| | | ചേരാനല്ലൂർ | 3 | **തനത് ഫണ്ട്** |
| | | ഞാറക്കൽ | 2 | **തനത് ഫണ്ട്** |
| | | പള്ളിപ്പുറം | 2 | **തനത് ഫണ്ട്** |
| | | കുമ്പളങ്ങി | 1 | **തനത് ഫണ്ട്** |
| | | കുമ്പളം | 1 | **തനത് ഫണ്ട്** |
| | | മണീട് | 3 | **തനത് ഫണ്ട്** |
| | | പുതൃക്ക | 2 | **തനത് ഫണ്ട്** |
| | | കുട്ടമ്പുഴ | 1 | **തനത് ഫണ്ട്** |
| | | രാമമംഗലം | 5 | **തനത് ഫണ്ട്** |

| | | | | |
|---|---|---|---|---|
| | | പാറക്കടവ് | 1 | **തനത് ഫണ്ട്** |
| | | കുന്നുക്കര | 1 | **തനത് ഫണ്ട്** |
| | | ശ്രീമൂലനഗരം | 1 | **തനത് ഫണ്ട്** |
| | | ആവോലി | 2 | **തനത് ഫണ്ട്** |
| | | അയവന | 1 | **തനത് ഫണ്ട്** |
| | | **ആകെ** | 41 | |
| | | | | |
| 8 | **തൃശൂർ** | ശ്രീനാരായണപുരം | 1 | **തനത് ഫണ്ട്** |
| | | വെള്ളാങ്ങല്ലൂർ | 1 | **തനത് ഫണ്ട്** |
| | | വെങ്കിടങ്ങ് | 1 | **തനത് ഫണ്ട്** |
| | | **ആകെ** | 3 | |
| | | | | |
| 9 | **പാലക്കാട്** | **കടത്തു നടത്തുന്ന പഞ്ചായത്തുകൾ നിലവിലില്ല** | **ബാധക മല്ല** | **ബാധകമല്ല** |
| | | | | |
| 10 | **മലപ്പുറം** | പുറത്തൂർ | 2 | **ലേലം ചെയ്ത് നടത്തിപ്പവകാശം നൽകുന്നു** |
| | | **ആകെ** | 2 | |
| | | | | |
| 11 | **കോഴിക്കോട്** | കടലുണ്ടി | 1 | **പൊതു കടത്തായി ജങ്കാർ സർവ്വീസ് നടത്തുന്നുണ്ട്. 5 വർഷത്തേക്ക് സർവ്വീസ് ലൈസൻസ് ലേലം ചെയ്യുകയും ആയതിന്റെ പ്രതിമാസ കിസ്റ്റ് പഞ്ചായത്ത് തനത് ഫണ്ടിൽ അടവാക്കുകയും ചെയ്തുവരുന്നു.** |
| | | **ആകെ** | 1 | |
| | | | | |
| 12 | വയനാട് | **കടത്തു നടത്തുന്ന പഞ്ചായത്തുകൾ നിലവിലില്ല** | **ബാധക മല്ല** | **ബാധകമല്ല** |
| | | | | |
| 13 | **കണ്ണൂർ** | മാട്ടൂൽ | 1 | **തനത് ഫണ്ട്** |
| | | **ആകെ** | 1 | |
| | | | | |

| | | | | |
|---|---|---|---|---|
| 14 | കാസർകോട് | കടത്തു നടത്തുന്ന പഞ്ചായത്തുകൾ നിലവിലില്ല | ബാധക മല്ല | ബാധകമല്ല |

## കേരള സർക്കാർ

സംഗ്രഹം

അധികാരവികേന്ദ്രീകരണം-കേരള പഞ്ചായത്ത്‌രാജ് ആക്ട്, കേരള മുനിസിപ്പാലിററി ആക്ററ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന്റെ ചുമതലകളും സ്ഥാപനങ്ങളും പദ്ധതികളും തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാററം ചെയ്തുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു

---

തദ്ദേശഭരണ (സി) വകുപ്പ്

ജി.ഒ. (പി) നമ്പർ 189/95/തഭവ. തിരുവനന്തപുരം, 1995 സെപ്ററംബർ 18.

---

ഉത്തരവ്

1. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 166 (6), 167 (1), 172 (5), 173 (5) എന്നീ വകുപ്പുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപ്രകാരം, പ്രസ്തുത ആക്ടിലെ മൂന്നാം പട്ടികയിൽ (അനുബന്ധം-1) പരാമർശിച്ചിട്ടുള്ള സംഗതികളുമായി ബന്ധപ്പെട്ട സർക്കാരിന്റെ ചുമതലകളും സ്ഥാപനങ്ങളും പദ്ധതികളും സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾക്കും, നാലാം പട്ടികയിൽ (അനുബന്ധം-2) പരാമർശിച്ചിട്ടുള്ള സംഗതികളുമായി ബന്ധപ്പെട്ട സർക്കാരിന്റെ ചുമതലകളും സ്ഥാപനങ്ങളും പദ്ധതികളും ബ്ലോക്കു പഞ്ചായത്തുകൾക്കും, അഞ്ചാം പട്ടികയിൽ (അനുബന്ധം-3) പരാമർശിച്ചിട്ടുള്ള സംഗതികളുമായി ബന്ധപ്പെട്ട സർക്കാരിന്റെ ചുമതലകളും സ്ഥാപനങ്ങളും പദ്ധതികളും ജില്ലാ പഞ്ചായത്തുകൾക്കും 1995 ഒക്ടോബർ 2-ാം തീയതി രാവിലെ മുതൽ പ്രാബല്യത്തിൽ വരത്തക്കവണ്ണം കൈമാററം ചെയ്തുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

2. അതുപോലെ, 1994-ലെ കേരള മുനിസിപ്പാലിററി ആക്ടിലെ 30 (3) വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം, പ്രസ്തുത ആക്ടിലെ ഒന്നാം പട്ടികയിൽ (അനുബന്ധം-4) പരാമർശിച്ചിട്ടുള്ള സംഗതികളുമായി ബന്ധപ്പെട്ട സർക്കാരിന്റെ ചുമതലകളും സ്ഥാപനങ്ങളും പദ്ധതികളും സംസ്ഥാനത്തെ മുനിസിപ്പൽ കൗൺസിലുകൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും 1995 ഒക്ടോബർ 2-ാം തീയതി രാവിലെ മുതൽ പ്രാബല്യത്തിൽ വരത്തക്കവണ്ണം കൈമാററം ചെയ്തുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

3. മേൽപറഞ്ഞപ്രകാരം കൈമാററം ചെയ്യപ്പെടുന്ന സ്ഥാപനങ്ങളുടെ വിവരം അനുബന്ധം-5-ൽ ചേർത്തിട്ടുണ്ട്. സ്ഥാപനങ്ങളോടൊപ്പം അവയുടെ ആസ്തിബാദ്ധ്യതകളും വസ്തുവകകളും അവയിൽ അനുവദിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥൻമാരുടെ തസ്തികകളും ഉദ്യോഗസ്ഥൻമാരും അതതു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേക്ക് കൈമാററം ചെയ്യപ്പെടുന്നതാണ്.

4. കൈമാററം ചെയ്യപ്പെടുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട തസ്തികകൾക്കുപുറമേ അനുബന്ധം-5-ൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള മററു ചില തസ്തികകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 1995 ഒക്ടോബർ 2-ാം തീയതിമുതൽ സർക്കാർ വകുപ്പുകളിൽനിന്ന് കൈമാററം ചെയ്യപ്പെടുന്നതാണ്.

5. ഓരോ സ്ഥാപനവും ഏത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്ക് കൈമാററുന്നു എന്ന് വ്യക്തമാക്കിക്കൊണ്ടും കൈമാററം ചെയ്യപ്പെടുന്ന തസ്തികകൾ ഏത് സർക്കാർ ആഫീസിൽ നിന്ന് കൈമാറുന്നു എന്ന് കാണിച്ചുകൊണ്ടും അതത് വകുപ്പിന്റെ അദ്ധ്യക്ഷൻ 1995 സെപ്ററംബർ 30-ാം തീയതിക്കു മുമ്പ് ഉത്തരവു പുറപ്പെടുവിക്കേണ്ടതാണ്. അപ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ പകർപ്പുകൾ സെക്രട്ടേറിയററിലെ ബന്ധപ്പെട്ട ഭരണ നിർവ്വഹണ വകുപ്പിലേക്കും തദ്ദേശഭരണ വകുപ്പിലേക്കുംകൂടി അയയ്ക്കേണ്ടതാണ്.

6. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാററം ചെയ്യപ്പെടുന്ന തസ്തികകളിൽ അതതു സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാർതന്നെ, മറിച്ചൊരുത്തരവ് ഉണ്ടാകുന്നതുവരെ തുടരേണ്ടതാണ്.

7. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏല്പിച്ചുകൊടുത്തിട്ടുള്ള സർക്കാരിന്റെ അധികാരങ്ങളും ചുമതലകളും പദ്ധതികളും ഫലപ്രദമായി നിർവഹിക്കുന്നതിന് സർക്കാർ വകുപ്പുകൾ അവയ്ക്ക് ആഫീസ് സൗകര്യം ഉൾപ്പെടെയുള്ള ഭരണപരമായ എല്ലാ സൗകര്യങ്ങളും സാങ്കേതിക ഉപദേശങ്ങളും നല്കേണ്ടതാണ്.

8. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ ഉദ്യോഗസ്ഥൻമാരുടെ സേവനം വിട്ടുകൊടുക്കുന്നതിന്റെ നിബന്ധനകളും വ്യവസ്ഥകളും സംബന്ധിച്ചും പ്രസ്തുത സ്ഥാപനങ്ങൾക്ക് ആവശ്യമായ ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ചും ഉള്ള ഉത്തരവുകൾ പിന്നാലെ പുറപ്പെടുവിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ആർ. രാമചന്ദ്രൻ നായർ,

ചീഫ് സെക്രട്ടറി.

എല്ലാ വകുപ്പുമേധാവികൾക്കും, ആഫീസ് മേധാവികൾക്കും.

എല്ലാ ജില്ലാ കളക്ടർമാർക്കും.

മുനിസിപ്പൽ ഭരണ ഡയറക്ടർ/പഞ്ചായത്ത് ഡയറക്ടർ

എല്ലാ മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും (മേയർ/ചെയർമാൻ മുഖേന).